**22nd January 2016 / Friday** **89th day of 90 days**

റോമർ 12:21

'തിന്മയോടു തോൽക്കാതെ നന്മയാൽ തിന്മയെ ജയിക്കുക.'

ദൈവത്തിന്റെ മക്കൾ തങ്ങളുടെ ജീവിതത്തിൽ ആത്മീയ ശാന്തതയും സമാധാനവും കാത്തുസൂക്ഷിക്കേണ്ടത് ക്രിസ്തീയജീവിതത്തിന്റെ ആവശ്യകതയാണ്. ഈ ലോകത്തിൽ ജീവിക്കുമ്പോൾ പലതരത്തിലുള്ള വ്യക്തികളുമായും സംഭവങ്ങളുമായും നാം ബന്ധപ്പെടേണ്ടി വരുന്നു. അങ്ങനെ ചില തിന്മകളുടെ ശക്തി നാം അറിയാതെ തന്നെ, നമ്മുടെമേൽ അവകാശമോ ആകർഷകമോ വരുത്തുന്നു. ഈ ലോകത്തിൽ ജീവിക്കുമ്പോൾ, നമ്മളിലേക്ക് കടന്നുവന്ന് അവകാശം ഉറപ്പിക്കുന്ന അനേക തിന്മകളുടെ പരീക്ഷണങ്ങൾ നാം അതിജീവിക്കേണ്ടി വരുന്നു. നമ്മുടെ സാധാരണ നയനങ്ങൾ കൊണ്ട് ഇതിനെ കാണാനോ, പ്രവർത്തനങ്ങൾ ദർശിക്കാനോ കഴിയുന്നില്ല. ആത്മീയമായി വളർന്നവർക്ക് അക കണ്ണുകൾ കൊണ്ട് മാത്രം കാണാൻ കഴിയൂ. ഈ തിന്മകളെ തോൽപ്പിക്കാൻ വളരെ പ്രയാസമാണ്. കർത്തൃപ്രാർത്ഥനയിൽ നാം എന്നും എപ്പോഴും ചൊല്ലുന്നത് തിന്മപ്പെട്ടവനിൽ നിന്ന് നമ്മെ രക്ഷിച്ചുകൊള്ളണമേ എന്നാണ്. തിന്മകളുടെ പരീക്ഷയിൽ തോൽക്കാതെ അതിനെ ജയിക്കണമെന്നതാണ് ക്രിസ്തീയജീവിതത്തിന്റെ ഈ ലോകത്തിലെ ലക്ഷ്യം. എന്നാൽ നന്മതിന്മകളെ തിരിച്ചറിഞ്ഞ് അതിനോട് പ്രതികരിക്കാൻ എത്ര വിശ്വാസികൾക്ക് കഴിയുന്നു. തന്റെ ഒരു കരണത്ത് അടിക്കുന്നവന് പ്രതികരിക്കാതെ മറേറതും കാണിച്ചുകൊടുക്കാൻ കഴിയുന്ന താഴ്മയും ദയയും ഉള്ള വിശ്വാസികളെ എങ്ങനെ തിരിച്ചറിയും? തിന്മ ചെയ്താൽ അതിനെതിരായി തിന്മകൾ ചെയ്യാതെ, ആ തിന്മയ്ക്കു അടിമ ആകാതെ നന്മയാൽ അതിനെ ജയിക്കുവാൻ ദൈവത്തിൽ ആശ്രയിക്കാം. ഈ ലോകത്തിൽ നന്മകളെ തിരിച്ചറിഞ്ഞ് ദൈവത്തിന്റെ പദ്ധതിയിൽ ചേർന്നു പ്രവർത്തിക്കാൻ പരിശുദ്ധാത്മാവിന്റെ നിറവ് ആവശ്യമാണ്. ആ പരിശുദ്ധാത്മാവിന്റെ നടത്തിപ്പിൽ മാത്രമേ നന്മതിന്മകളെ തിരിച്ചറിയുവാൻ കഴിയുകയുള്ളൂ. ഈ കൃപായുഗത്തിന്റെ പ്രത്യേകതയും അതാണ് പരിശുദ്ധാത്മാവിന്റെ ആവാസവും നടത്തിപ്പും. സ്വയത്തിൽ ആശ്രയിച്ച് ഒന്നും ചെയ്യാതെ സകലവും ദൈവത്തിന്റെ ഇഷ്ടത്തിനും പദ്ധതിയ്ക്കും കൊടുക്കേണം. ശത്രുക്കൾക്ക് വിശക്കുമ്പോൾ ആഹാരം കൊടുക്കുന്നതും ദാഹിക്കുമ്പോൾ കുടിക്കാൻ കൊടുക്കുന്നതും നന്മയാൽ തിന്മയെ ജയിക്കാൻ നമ്മെ പ്രാപ്തരാക്കുന്നതിനാണ്. നിത്യവും നാം ചെയ്യുന്ന പ്രവൃത്തികൾ നന്മകൾ നിറഞ്ഞതാണോ എന്നറിയാൻ നാം കർത്താവിന്റെ ജീവനുള്ള വചനത്തിൽ ആശ്രയിച്ച്, ധ്യാനിച്ച് ആരാധനയിൽ കൂടി പരിശുദ്ധാത്മാവിനെ നേടിയെടുക്കണം. പരിശുദ്ധാത്മാവിന്റെ നിറവിലും നടത്തിപ്പിലും പ്രവൃത്തിക്കുമ്പോൾ, ഈ ലോകത്തിന്റെ കണ്ണുകൾ, ചെവികൾ, മനസ്സുകൾ നമ്മെ ഏതെങ്കിലും വിധത്തിൽ ദൈവത്തിൽ നിന്ന് അകററി പാപത്തിന്റെയും ശാപത്തിന്റെയും ബന്ധനത്തിൽ അകപ്പെടുത്തി, നിത്യ അഗ്നിയ്ക്കു ഇരയാക്കാം. സാത്താന്റെയും അവന്റെ കൂട്ടരെയും ശാസിച്ച് ഓടിച്ചാൽ മാത്രമേ നന്മയാൽ തിന്മയെ ജയിക്കാൻ സാധിക്കുകയുള്ളു. നമ്മുടെ ചിന്തകളെയും വിചാരങ്ങളെയും എല്ലാം കുരിശിന്റെ ചുവട്ടിൽ വെച്ച്, ദൈവത്തിന്റെ ആലോചനയെ പിടിച്ചെടുത്ത്, തിന്മകളെ ശാസിച്ച്, നന്മകൾ മാത്രം ജീവിതത്തിൽ നടപ്പിലാക്കുവാൻ ദൈവം തമ്പുരാൻ നമ്മെ എല്ലാവരെയും പ്രാപ്തരാക്കട്ടെയെന്നു ആശംസിക്കുന്നു.